**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 903** **30-06-2022 - ൽ മറുപടിയ്ക്ക്**

**വനാതിർത്തികൾ ഡിജിറ്റലൈസ് ചെയ്യാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനാതിർത്തികൾ ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് ഡിജിറ്റലൈസ് ചെയ്യാൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വനാതിർത്തി സർവ്വേ, ജിയോ റഫറൻസിംഗ് എന്നിവ Differential Global Positioning System (DGPS) ഉപയോഗിച്ച് നിർണ്ണയിക്കുന്നതിനു വേണ്ട പ്രാരംഭ പഠനം (Pilot Study) തിരഞ്ഞെടുക്കപ്പെട്ട ഫോറസ്റ്റ് ഡിവിഷനുകളിൽ നടത്തുന്നതിനും, ആയത് ഉപയോഗപ്പെടുത്തി ഒരു Standard Operating Procedure (SOP) തയ്യാറാക്കുന്നതിലേക്കുമായി Ministry of Environment Forest and Climate Change ഫോറസ്റ്റ് സർവ്വെ ഓഫ് ഇന്ത്യയെ (FSI) ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.കേരളത്തിൽ ചാലക്കുടി വനം ഡിവിഷനിലാണ് പൈലറ്റ് സ്റ്റഡി നടത്തിയത്, ഇപ്രകാരം ഫോറസ്റ്റ് സർവ്വെ ഓഫ് ഇന്ത്യ തയ്യാറാക്കിയ കരട് Standard Operating Procedure (SOP) അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി ലഭിച്ചിട്ടുള്ളതാണ്. ഫോറസ്റ്റ് സർവ്വെ ഓഫ് ഇന്ത്യ Standard Operating Procedure (SOP) പൂർത്തീകരിക്കുന്ന മുറയ്ക്ക് സംസ്ഥാനത്തെ വനങ്ങളുടെ സർവ്വെയും, വനാതിർത്തി കളുടെ ഡിജിറ്റലൈസേഷനും, റവന്യൂ സർവ്വെ എന്നീ വകുപ്പുകളുടെ സഹായത്തോടു കൂടി നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് നാളിതുവരെ ചെലവഴിച്ചത്; | (ബി) | ഈ പദ്ധതിക്കായി നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |
| (സി) | ഇതുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ പുരോഗതി എന്തെല്ലാമെന്ന് വിശദമാക്കാമോ; | (സി) | സംസ്ഥാനത്തെ വനാതിർത്തികൾ ഡിജിറ്റലൈസ് ചെയ്യുന്നതിലേയ്ക്ക് വേണ്ടി വകുപ്പ് തയ്യാറാക്കിയ കരട് Standard Operating Procedure (SOP) ൽ റവന്യൂ വകുപ്പുമായി ചർച്ചകൾ നടക്കാനിരിക്കുകയാണ്. |
| (ഡി) | പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ; പദ്ധതി പൂർത്തീകരിച്ചാൽ ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ഡി) | പദ്ധതി 2023-22-ൽ ആരംഭിച്ച് 5 വർഷം കൊണ്ട് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. റിസർവ്വ് വനം/സംരക്ഷിത വന പ്രദേശങ്ങൾ എന്നിവയുടെ കൃത്യമായ അതിത്തി ഡിജിറ്റൽ |

| | | | |
|---|---|---|---|
| | | | രൂപത്തിൽ ലഭ്യമാക്കുന്നതിലൂടെ വനാതിർത്തികൾ സംബന്ധിച്ച വ്യക്തത വരുത്തുന്നതിനും, വനാതിർത്തി സംബന്ധിച്ച തർക്കങ്ങൾ ഒഴിവാക്കുന്നതിനും സാധിക്കും. വനങ്ങളുടെ കൃത്യമായ അതിർത്തിയുടെ ലഭ്യത വന പരിപാലന പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സഹായിക്കും. |

സെക്ഷൻ ഓഫീസർ